**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 969** **11-02-2025 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ കേന്ദ്രസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ-വന്യജീവി സംഘർഷം നേരിടാൻ നിലവിൽ കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; ഇക്കാര്യത്തിനായി കേന്ദ്രത്തെ സമീപിച്ചിരുന്നോ; വിശദമാക്കുമോ; | (എ) | മനുഷ്യ-വന്യമൃഗ സംഘർഷം നേരിടാൻ നിലവിൽ പരിമിതമായ കേന്ദ്രസഹായം ലഭിക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി തുക ലഭിച്ചുവരുന്നത് കേന്ദ്രാവിഷ്കൃത പദ്ധതികളായ 2406-02-110-35 പ്രോജക്ട് എലിഫന്റ് (60:40 അനുപാ-തത്തിൽ), & 2406-02-110-52 IDWH – Outside PA (60:40 അനുപാതത്തിൽ) എന്നീ ശീർഷകങ്ങളി-ലും സംസ്ഥാന പദ്ധതിയായ 2406-02-110-09 Measures to Reduce Man-Animal Conflict, & 2406-01-800-92 Relief to Victims എന്നിവയിലു-മാകുന്നു. കേന്ദ്ര സർക്കാരിന്റെ മേൽ പരാമർശിച്ച രണ്ട് പദ്ധതികളിൽ അനുവദിക്കുന്ന മുഴുവൻ തുകയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പദ്ധതി-കൾക്ക് മാത്രം ഉള്ളവയല്ല. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്ക് പരിശോധിച്ചാൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിന് കേന്ദ്രാവിഷ്കൃത പദ്ധതി-കളിലൂടെ സംസ്ഥാന വനം വകുപ്പിന് അനുവദിച്ചത് ശരാശരി ഒരു വർഷം 585 ലക്ഷം രൂപ മാത്രമാകുന്നു. വന്യജീവി സംരക്ഷണം ഉറപ്പുവരുത്താനുള്ള വിവിധ പദ്ധതി ഘടകങ്ങളിൽ ഒരു ഘടകം മാത്രമാണ് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം. എന്നാൽ മേൽ സൂചിപ്പിച്ച സംസ്ഥാന പദ്ധതികൾ രണ്ടും മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണ പ്രവർത്തന-ങ്ങൾക്ക് മാത്രം ഉള്ളതാകുന്നു. ടി സംസ്ഥാന പദ്ധതികളിലൂടെ പ്രസ്തുത ആവശ്യത്തിലേക്കായി ശരാശരി ഒരുവർഷം 3493 ലക്ഷം രൂപ ലഭിച്ചുവരുന്നു.<br><br>മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാർ 620 കോടി (60:40 അനുപാ-തത്തിൽ) രൂപയ്ക്ക് 5 വർഷത്തേക്കുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി 07/09/2021-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ സമർപ്പിക്കുകയും ആയത് 22/11/2021 ൽ ബഹു. |

| | | | |
|---|---|---|---|
| | | | കേന്ദ്ര വനം-പരിസ്ഥിതി മന്ത്രിക്ക് നേരിട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് നിലവിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ, CAMPA എന്നിവ മുഖാന്തിരം സംസ്ഥാനവുമായി ചെലവ് പങ്കിടുന്ന പദ്ധതികൾക്ക് ധനസഹായം നൽകുന്നുണ്ടെന്നും, ടി പ്രൊപ്പോസലിൽ പറഞ്ഞിട്ടുള്ള വിധത്തിലുള്ള ദീർഘ-കാല സുസ്ഥിര പദ്ധതികൾക്ക് ശാസ്ത്രീയവും ആധുനി-കവുമായ രീതികൾ അവലംബിച്ച് വിവിധ സംസ്ഥാന പദ്ധതികളിൽ നിന്നും വിഭവസമാഹരണം നടത്തണ-മെന്നും ബഹു. കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മന്ത്രി അറിയിച്ചിരുന്നു. |
| (ബി) | ഈ വിഷയത്തിൽ കേന്ദ്രസഹായം ലഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ? | (ബി) | മനുഷ്യ-വന്യമൃഗ സംഘർഷത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുമുള്ള വിവിധ മാർഗ്ഗ-ങ്ങൾ അവലംബിക്കുന്നതിനുമായി കൂടുതൽ കേന്ദ്രവി-ഹിതം ലഭിക്കുന്നതിന് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതി-കളുടെ Annual Plan of Operation ൽ ഉൾപ്പെടുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ